# ആമുഖം

2023- 24 അധ്യയന വർഷത്തിൽ ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികളുടെ ഭാഷ ,ചിന്ത എന്നീ ശേഷികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംയുക്ത ഡയറി കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.തന്റെ അനുഭവങ്ങളെ ചെറിയ ഭാഷയിൽ കുറിക്കുമ്പോൾ കുട്ടിക്ക് വായന, എഴുത്ത് എന്നീ മേഖലകളിലേക്ക് കൂടുതൽ താല്പര്യവും അവബോധവും ലഭിക്കുന്നു . രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ സംയുക്ത ഡയറിയിൽ അനുഭവങ്ങൾ എഴുതുമ്പോൾ അക്ഷരത്തെറ്റില്ലാതെ വാക്യങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നു. മേപ്രാന്ത എ യു പി സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ സംയുക്ത ഡയറി സന്തോഷപൂർവ്വം സമർപ്പിക്കുന്നു.



[illegible]



അക്ഷരങ്ങളിൽ നിറം
ചാലിച്ച് കളിയോർമ്മകൾ
നെയ്തെടുക്കുന്ന
കുഞ്ഞു കൈകൾക്ക്
സ്നേഹാശംസകൾ

വി.എം മനേഷ്
പി. ടി. എ. പ്രസിഡന്റ്



ടി.വി .ഷീബ
ക്ലാസ് ടീച്ചർ
2 A

മലയാള ഭാഷ സ്വന്തമായി എഴുതാൻ തുടങ്ങുന്ന ഒന്ന് , രണ്ട് ക്ലാസ്സിലെ കുട്ടികൾക്ക് അവരുടെ സർഗാത്മക രചനയുടെ ചുവടുറപ്പിയ്ക്കുന്ന സംയുക്ത ഡയറി (കുട്ടിയും രക്ഷിതാവും സംയുക്തമായി തയ്യാറാക്കുന്ന മധുമൊഴി എന്ന് പേരിട്ടിട്ടുള്ള ഈ മധുരമൊഴിയ്ക്ക് എന്റെ എല്ലാവിധ ആശംസകളും . ഇത് പിഞ്ചുകുഞ്ഞുങ്ങളുടെ സർഗാത്മക രചനയുടെ ആദ്യ ചവിട്ടുപടിയാവട്ടെ.



ഷംന .കെ

ക്ലാസ് ടീച്ചർ

2 B

കുഞ്ഞുസന്തോഷങ്ങളും സങ്കടങ്ങളും
വരികളിലൂടെ അനുഭവങ്ങളായി എഴുതാനുള്ള
അവസരമാണ് ഈ സംയുക്ത ഡയറിയിലൂടെ
കുട്ടികൾക്ക് ലഭിക്കുന്നത്. രക്ഷിതാക്കളുടെ
സഹായം കൂടെ ഉണ്ടാകുമ്പോൾ സംയുക്ത ഡയറി
പൂർണ്ണതയിൽ എത്തിക്കാൻ കഴിയും.
വായനയുടെയും എഴുത്തിന്റെയും
ലോകത്തിലേക്ക് കുഞ്ഞുമക്കളെ കൈപിടിച്ച്
നടത്താൻ ഇത്തരം പ്രവർത്തനങ്ങൾ
വഴിയൊരുക്കുന്നു. എന്റെ എല്ലാ മക്കൾക്കും
സ്നേഹവും അഭിനന്ദനങ്ങളും.



## ജസീല .വി .എം
## ക്ലാസ് ടീച്ചർ

2023- 24 അധ്യയന വർഷത്തെ രണ്ടാം ക്ലാസ് വിദ്യാർത്ഥികളുടെ ഒരു പ്രവർത്തനമാണ് സംയുക്ത ഡയറി. ഞാനും എന്റെ കുട്ടികളും രക്ഷിതാക്കളും ചേർന്ന് സംയുക്ത ഡയറി തയ്യാറാക്കി. ഇതിലൂടെ കുട്ടികൾക്ക് എഴുത്തിലും വായനയിലും കൂടുതൽ താല്പര്യമുണ്ടാക്കാൻ സാധിച്ചു. എന്റെ എല്ലാ മക്കൾക്കും സ്നേഹം നിറഞ്ഞ ആശംസകൾ നേരുന്നു.



വി .പി .ചന്ദ്രി
സീനിയർ അസിസ്റ്റന്റ്

കുട്ടികളിലെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് വേണ്ടി ഒന്ന് രണ്ട് ക്ലാസുകളിൽ 2023 -24 അധ്യയന വർഷത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നൂതന പരിപാടിയാണ് സംയുക്ത ഡയറി. കുഞ്ഞുമക്കൾ അവരുടെ പുത്തൻ അനുഭവങ്ങൾ . രക്ഷിതാവുമായി പങ്കുവയ്ക്കുന്നു. ഇത് ചിത്രങ്ങളിലൂടെയും വാക്കുകളിലൂടെയും പങ്കുവെക്കുമ്പോൾ കുട്ടികളിലെ സർഗാത്മക ശേഷി വികസിക്കുന്നു. അങ്ങനെ കുട്ടിയും രക്ഷിതാവും അധ്യാപകരും ചേർന്ന് കുട്ടികളുടെ ഭാഷാപരമായ ശേഷികൾ കണ്ടെത്തുന്നു . പുത്തൻ അനുഭവങ്ങൾ സൃഷ്ടിക്കുന്ന പേരാമ്പ്ര എ യു പി സ്കൂളിലെ സംയുക്ത ഡയറിക്കുറിപ്പിന് എല്ലാവിധ ആശംസകളും നേരുന്നു.



കെ.എം .സാജു
സ്റ്റാഫ് സെക്രട്ടറി

**കൊച്ചു കൂട്ടുകാരുടെ**
**കൊച്ചുവർത്തമാനങ്ങൾ സംയുക്ത**
**ഡയറികുറിപ്പായി സാക്ഷാത്കരിക്കാൻ**
**പിന്തുണ നൽകിയ എവർക്കും**
**ആശംസകൾ**



ഇഷാഹി
SRG കൺവീനർ

കുരുന്നു ഹൃദയങ്ങളിൽ
നിന്ന് ഉതിർന്നു വീഴുന്ന
അക്ഷരമുത്തുകൾ
എന്നും സുഗന്ധം പരത്തുന്നു.
ഒരു ദിനാന്ത്യത്തിലെ ഓർമകൾ ചേർത്ത്
വെച്ച് കുട്ടുകാർ
തയ്യാറാക്കിയ
ഡയറികുറിപ്പിന്
എല്ലാവിധ ഭാവുകങ്ങളും
നേരുന്നു.



സംയുക്ത ഡയറി എഴുതുന്നതിലൂടെ കുട്ടികളിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി  അതിൽ ഒന്ന് മലയാളം അക്ഷരം വായിക്കാനും എഴുതാനും സാധിച്ചു, രണ്ടാമതായി കൈയക്ഷരം മെച്ചപ്പെടുത്താൻ കഴിഞ്ഞു  കുട്ടികളിലെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുവാനും സാധിച്ചു.കുട്ടികളുടെ ഈ സംയുക്ത ഡയറിക്ക് ഹൃദയപൂർവ്വം ആശംസകൾ നേരുന്നു.

അശ്വതി
ക്ലാസ് പ്രതിനിധി
2 B



കുട്ടികൾക്ക് നമ്മൾ പറയുന്നത് കേട്ടെഴുതാനും
അക്ഷരങ്ങൾ ഏതാണ് എന്ന് മനസ്സിലാക്കുവാനും
സംയുക്ത ഡയറി എഴുതുന്നതിലൂടെ
കഴിഞ്ഞിട്ടുണ്ട്. ചെറിയ ക്ലാസിൽ നിന്നു തന്നെ
അക്ഷരങ്ങൾ പറിച്ചെടുക്കാൻ കഴിയുന്നത് വലിയ
കാര്യമാണ്. സംയുക്ത ഡയറിയ്ക്ക്
സ്നേഹാശംസകൾ നേരുന്നു.

പ്രീന
ക്ലാസ് പ്രതിനിധി
2 B



സംയുക്ത ഡയറി എഴുതുന്നതിലൂടെ നമ്മൾ
പറയുന്ന വാക്കുകൾ സ്വന്തമായി
കേട്ടെഴുതാനും അക്ഷരങ്ങൾ മനസിലാക്കാനും
സ്വന്തമായി വായിക്കാനും പഠിച്ചു. പിന്നെ
കൈയക്ഷരം മെച്ചപ്പെട്ടു. ഇത്രയും ചെറിയ
ക്ലാസ്സിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം
ഏറ്റവും വലിയ കാര്യമാണ് സംയുക്ത
ഡയറിക്ക് ഹൃദയപൂർവ്വം ആശംസകൾ
നേരുന്നു.

ശ്രുതി
ക്ലാസ് പ്രതിനിധി
2 C



ഡയറി എഴുതുന്നതിലൂടെ കുട്ടികളിൽ അവരുടേതായ ഭാവനയിലൂടെ എഴുതാനുള്ള കഴിവുകൾ ഉണ്ടായി. സ്വന്തമായി എഴുതാൻ തുടങ്ങിയപ്പോൾ മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും അവരുടെ മനസ്സിൽ ഉറച്ചു. സംയുക്ത ഡയറി എഴുതുന്നതിലൂടെ കുട്ടികൾക്ക് നല്ല ഒരു കഴിവ് ഉണ്ടായിട്ടുണ്ട്. സംയുക്ത ഡയറിക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു

ജസി
ക്ലാസ് പ്രതിനിധി
2C



# നൈന തെൻവി

## 2 B



[illegible]



സാൻവിൻ .എസ് .ആർ

2B



ഇന്ന് ഞാൻ സ്കൂൾ വിട്ട് വന്ന് ചായ കുടിച്ച്
അമ്മയോട് സ്കൂളിലെ വിശേഷങ്ങളെല്ലാം
പറഞ്ഞു. അതിനു ശേഷം പച്ചക്കറി
നനയ്ക്കാൻ പോയി. ആ സമയത്ത് മാമ
എനിക്ക് ഒരു കാർ സർപ്രൈസായി
കൊണ്ടുവന്നു .അത് കിട്ടിയപ്പോൾ എനിക്ക്
സന്തോഷമായി. ഞാൻ കുറെ സമയം കളിച്ചു



Parthivdev
2B



ഇന്ന് നേരത്തെ സ്കൂളിൽ
എത്തി കൂട്ടുകാരുമായി കുറച്ചു സമയം കളിച്ചു.
ഇന്ന് റെയ്യയുടെയും സഫലിന്റെയും
ജന്മദിനമായിരുന്നു .രണ്ടു പേരും ഞങ്ങൾക്ക്
മിഠായി തന്നു.



ഹിവ ലക്ഷ്മി
2 B



ഞാൻ രാവിലെ ഉണർന്നു
പ്രഭാതകൃത്യങ്ങൾ ചെയ്തു.
സ്കൂളിൽ പോയി. ഷംന
ടീച്ചർ പറഞ്ഞുതന്ന കഥ
അമ്മയോട് പറഞ്ഞു.
പരീക്ഷയുടെ പേപ്പർ കിട്ടി.
അമ്മ പറഞ്ഞു നല്ല കുട്ടി .



ഞാൻ രാവിലെ പതിവുപോലെ
നേരത്തെ എഴുന്നേറ്റു.പി .ടി .സാർ
പറഞ്ഞിരുന്നു ഓടി പ്രാക്ടീസ് ചെയ്യാൻ
വേണ്ടി. സബ് ജില്ല കായിക മേളയിൽ
പങ്കെടുക്കുന്നുണ്ട്. ഇരുട്ടായതു കൊണ്ട്
പ്പൂട്ടോ (നായക്കുട്ടി) നെയും കൂട്ടിയാണ്
ഓട്ടം. കുറച്ച് ദൂരം ഓടി കിതച്ചു കൊണ്ട്
ഞങ്ങൾ തിരിച്ചെത്തി.



അർണവ്
2 B



Ayisha Farha
2 B



ഇന്ന് ഞാൻ നേരത്തെ
ഉണർന്നു.പ്രഭാതകൃത്യങ്ങൾ
ചെയ്തു സ്കൂളിൽ
പോയി.സ്കൂൾ വിട്ടു വന്നതിനു
ശേഷം കൂട്ടുകാരിയോടൊപ്പം
കളിച്ചു



Adwaya
2 B




രാവിലെ 6 മണിക്ക് എഴുന്നേറ്റു.നല്ല
തണുപ്പുണ്ടായിരുന്നു.പ്രാതകൃത്യ
ങ്ങൾ ചെയ്തു.ഭക്ഷണം കഴിച്ച്
സ്കൂളിലേക്ക് പോയി. അവിടെ
നിന്നും പഠിച്ചു. കുറച്ചു സമയം
കൂട്ടുകാരോടൊത്ത് കളിച്ചു .തിരിച്ച്
വീട്ടിലെത്തി അമ്മയെ ചെടി
നനയ്ക്കാൻ സഹായിച്ചു .



ദൈവിക്ക് കെ അജേഷ്
2B



ഇന്ന് ഞാൻ രാവിലെ 7മണിക്ക് എഴുന്നേറ്റു.
പ്രഭാതകൃത്യങ്ങൾ ചെയ്തു.
പത്രം വായിച്ചു. 9.15ന് സ്കൂളിലേക്ക് പോയി. ഇന്ന് വളരെ
സന്തോഷമുള്ള ദിവസം ആയിരുന്നു.
കുറെ പഠനവും കുറച്ചു
കളിയുമൊക്കെയായി ഇന്ന്
അവസാനത്തെ പിരീഡായത് അറിഞ്ഞില്ല.
ഓട്ടോയിൽ വീട്ടിൽ എത്തി കുളിച്ചു കുറച്ചു കളിച്ചു.
പഠിച്ചു കിടന്നുറങ്ങി.




2 C





ഇന്ന് വീടിന്റെ അടുത്തുള്ള അമ്പലത്തിൽ ഉത്സവം ആയിരുന്നു സ്കൂൾ വിട്ട് വന്ന ശേഷം ഞാനും അമ്മയും അച്ഛനും അച്ഛമ്മയും പോയി അവിടെ ഒരുപാട് കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നു എനിക്കൊരു പന്തും അച്ഛൻ മേടിച്ചു തന്നു, അവിടെ തിറ ഉണ്ടായിരുന്നു അതും എനിക്ക് പേടിയായി പിന്നെ പേടി മാറി





ഇന്ന് എന്റെ വീടിന്റെ അടുത്തുള്ള എളാമാരൻ കുളങ്ങര
ക്ഷേത്രത്തിൽ ഉത്സവമാണ് ഞാനും അമ്മയും അച്ഛനും കൂടെ
അവിടെപോയി






ഇന്ന് ഞാൻ
അമ്മയുടെ
വീട്ടിൽ
പോകുമ്പോൾ
വഴിയിൽ
ഉത്സവം കണ്ടു
അവിടെക്കു
പോയി
ആനയെ കണ്ടു
അച്ഛൻ ഒരു
ബലൂൺ വാങ്ങി
തന്നു

ധ്യാൻ ശ്രീജിത്ത്
2. C





[illegible] ഞാൻ എൻ്റെ കൂട്ടുകാരുമൊത്ത് കളിച്ചു




Thank you

Add a little bit of body text

ഇന്നലെ ഉത്സവത്തിന്
അച്ഛനും അമ്മയും ചേച്ചിയും
ഞാനും പോയി. എന്റെ
കണ്ണുകൾഹൈഡ്രജൻ
ബലൂണിലായിരുന്നു, വാശി
Lovely
പിടിച്ചപ്പോൾ അച്ഛൻ വാങ്ങി
തന്നു ..
നവതിക









ഇന്ന് എന്റെ വീട്ടിൽ
മൂത്തമ്മയും ഏട്ടനും
വന്നിരുന്നു.ഞങ്ങൾ
എല്ലാവരും കൂടി
അമ്പലത്തിൽ
പോയി





ഇന്ന് എനിക്ക് വളരെ
സന്തോഷമുള്ള ഒരു
ദിവസമായിരുന്നു.





ഇന്നു സ്കൂൾ വിട്ടു വന്നശേഷം വേഗം കുളിച്ചു
ചായകുടിച്ചു, ഞാനും അച്ഛനും അമ്മയും ഏട്ടനും
കൂടി  അമ്പലത്തിൽ പോയി. കലാപരിപാടികൾ
കണ്ടു, റൈഡിൽ കയറി. ഇന്നു നല്ല
സന്തോഷമുള്ള ദിവസമായിരുന്നു. ❤

16/02/24

Aadidev A S
2 C





ഇന്ന് ഞാൻ രാവിലെ 8 മണിക്കാണ്
എഴുന്നേറ്റത്.പല്ല് തേച്ചു കുളിച്ചും ചായ
കുടിച്ചു സ്കൂളിൽ പോയി






ഇന്ന് രാവിലെ ഞാൻ എന്റെ
അച്ഛാച്ചനെ എയർപ്പോട്ടിൽ
കൊണ്ടുവിടാൻ പോയി



ആദി ദേവ് എസ്
2.C


[illegible]

Rayan T

II-C




11/2/2021

[illegible]

[illegible]





ഞാൻ രാവിലെ ഉണർന്നു പല്ലുതേച്ച് കുളിച്ചു ഭക്ഷണം കഴിച്ചു കുറച്ച് നേരം പഠിച്ചു എന്നിട്ട് ഞങ്ങൾ എല്ലാവരും കുറെ നേരം കളിക്കാൻ പോയി കുറച്ച് ടിവി കണ്ട് ഭക്ഷണം കഴിച്ചു വീണ്ടും പുസ്തകം വായിച്ചു വൈകുന്നേരം ആയപ്പോൾ പ്രാർത്ഥിച്ചു പിന്നെയും കുറച്ച് പഠിച്ചു എന്നിട്ട് ഉറങ്ങി





16/2/2024

വെള്ളി

ഞാൻ  ഇന്ന് 9 മണിക്കാണ് എഴുന്നേറ്റത് എനിക്ക് പനി ആയിരുന്നു അതു കൊണ്ട് എവിടെയും കളിക്കാൻ പോയില്ല വീട്ടിലെ അകത്തു നിന്നു തന്നെ കളറ് കൊടുത്തു കളിച്ചു. പിന്നെ ഹോം വർക്ക് ഫോണിൽ നോക്കി ചെയിതു.

ഫാത്തിമ ഷംസീർ



# Muhammad Thahasin







ഇന്ന് എന്റെ പിറന്നാളാണ്. രാവിലെ എഴുന്നേറ്റ്
പ്രഭാതകൃത്യങ്ങൾ ചെയ്തു. പുത്തൻ ഉടുപ്പിട്ട് സ്കൂളിലേക്ക്
പോയി. ക്ലാസിലെ എല്ലാ കൂട്ടുകാർക്കും മിഠായി വിതരണം
ചെയ്തു. സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം നൽകി.
തിരിച്ച് വീട്ടിലേക്ക് വന്നപ്പോൾ അമ്മ കേക്ക് വാങ്ങി
വെച്ചിരുന്നു. കേക്ക് മുറിച്ച് എല്ലാവർക്കും കൊടുത്തു.
പിറന്നാൾ സമ്മാനമായി ഷൂ കിട്ടി.



നൈതിക്ക്
2 B



സഫൽ

2 B



ഇന്ന് സ്കൂൾ കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ ഇവിടെ വിരുന്നുകാർ ഉണ്ടായിരുന്നു. ചായ കുടിച്ചതിനു ശേഷം ഞാൻ അവരുടെ കൂടെ കുറേ നേരം കളിച്ചു .ചായയ്ക്ക് കൂട്ടാൻ എനിക്ക് ഇഷ്ടപ്പെട്ട കുറേ പലഹാരങ്ങൾ ഉണ്ടായിരുന്നു.



രാവിലെ എഴുന്നേറ്റു .സ്കൂളിൽ
പോവാൻ തയ്യാറായി.സ്കൂളിൽ
നിന്ന് തിരിച്ചെത്തി പേരാമ്പ്ര
അമ്പലത്തിലെ ഉത്സവത്തിന്
പോയി .അവിടെ പാർത്ഥിവിനെ
കണ്ടു. പനി ആയത് കൊണ്ട്
ഐസ്ക്രീം കഴിച്ചില്ല. എനിക്ക്
ചോളം വാങ്ങി തന്നു.



Darmik
2 B



ലക്ഷ്യ
2 B



ഇന്ന് ഞാൻ രാവിലെ
ഉണർന്നു.വെള്ളിയാഴ്ച്ച ആയതു
കൊണ്ട് ബസ് നേരത്തെ  വന്നു. ബസ്സിൽ
നിന്ന് ഒരു പാട് സ്ഥലങ്ങളെല്ലാം കണ്ട്
സ്കൂളിൽ എത്തി.സ്കൂളിൽ നിന്നും
പഠനവും കളിയുമെല്ലാം കഴിഞ്ഞ്
വീട്ടിലെത്തി .അമ്മയോട് സ്കൂളിലെ
വിശേഷങ്ങളെല്ലാം പറഞ്ഞ് ഞാൻ ചെടി
നനയ്ക്കാൻ പോയി.



കല്യാണി
2 B



ഞാൻ രാവിലെ 7 മണിക്ക് എഴുന്നേറ്റു.പ്രഭാത കൃത്യങ്ങൾക്കു ശേഷം ചായ കുടിച്ചു. സ്കൂളിൽ പോയി. ഇന്ന് സ്പെല്ലിംഗ് ബീ കോമ്പറ്റീഷൻ ഉണ്ടായിരുന്നു. വൈകുന്നേരം പി.ടി.എ മീറ്റിംഗും ഉണ്ടായിരുന്നു. 4.[illegible] ന് തിരിച്ച് വീട്ടിലെ[illegible]



ഹേമ.എസ്.ആർ
2 A



രാവിലെ
എഴുന്നേറ്റു.പ്രഭാതകൃത്യങ്ങൾ
ചെയ്തു. ചായ
കുടിച്ചു.സ്കൂളിൽ പോയി. ഇന്ന്
സയാന്റെ പിറന്നാളായിരുന്നു.
ഞങ്ങൾക്കെല്ലാവർക്കും
പിറന്നാൾ സമ്മാനമായി
പെൻസിലും മിഠായിയും തന്നു.



Gadha sudheesh
2 B



ഞാൻ രാവിലെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ ചെയ്തു. സ്കൂളിൽ പോയി. പഠിച്ചു. തിരിച്ച് വീട്ടിലെത്തിയപ്പോഴാണ് അമ്മ പറയുന്നത് ചേർമലയിൽ പോകാമെന്ന്. ഞാൻ കുളിച്ച് ഡ്രസ്സ് മാറ്റി അച്ഛന്റെയും അമ്മയുടെയും കൂടെ ഉത്സവത്തിന് പോയി. അവിടുന്ന് ഐസ്ക്രീം വാങ്ങി തന്നു




മുഹമ്മദ്
ഇർഫാൻ




ഇന്ന് രാവിലെ എഴുന്നേറ്റു .ചെറിയ പനിയുണ്ട്. അത് കൊണ്ടാണ് ഒരു ഉന്മേഷ കുറവ്. ഉപ്പ കാണിക്കാൻ പോവണമെന്ന് പറയുന്നത് ഞാൻ കേൾക്കുന്നുണ്ട്. ആ ..... സമാധാനം മദ്രസ ഇല്ല. കാണിക്കാൻ വേണ്ടി കുറ്റ്യാടിയും പോവുന്നുണ്ട് പോയാൽ ഉപ്പ എന്തെങ്കിലും വാങ്ങിത്തരും .



Reyah Baiza
2 B



ഇന്ന് എന്നിക്ക് വളരെയധികം
സന്തോഷമുള്ള ദിവസമാണ് .ഞാൻ
പതിവുപോലെ രാവിലെ
എഴുന്നേറ്റപ്പോൾ എന്റെ ബാപ്പ
ബാഗ്ലൂരിൽ നിന്ന് വന്നിട്ടുണ്ടായിരുന്നു.
ഇന്ന് സ്കൂൾ ഇല്ലാത്തതിനാൽ ഞാൻ
ബാപ്പയെ കെട്ടിപ്പിടിച്ചു. കുറച്ചു നേരം
കിടന്നു. പിന്നീട് ഞങ്ങൾ ബന്ധുക്കളുടെ
വീട്ടിൽ സന്ദർശനം നടത്തി .




Devaj .P .Manoj
2 B



ഞാൻ ഇന്ന് വൈകുന്നേരം സ്കൂൾ
വിട്ട് വീട്ടിലെത്തി .കുളി കഴിഞ്ഞ്
ഭക്ഷണം കഴിച്ചു .എന്റെ വീടിന്റെ
അടുത്തുള്ള അമ്പലത്തിൽ
ഉത്സവമാണ്. ഞാനും അമ്മയും
അമ്മമ്മയും കൂടി വൈകുന്നേരം
അമ്പലത്തിൽ പോയി
.പരിപാടികളൊക്കെ കണ്ട് രാത്രി
വീട്ടിൽ തിരിച്ചെത്തി.



ജുവൽ
തോമസ്
2 B



ഇന്ന് രാവിലെ
എഴുന്നേറ്റു. ചായ കുടിച്ചു
.പള്ളിയിൽ പോയി.
തിരിച്ചു വന്ന് എന്റെ
അനിയത്തി
സാറയുമായി കളിച്ചു.
ഉച്ചകഴിഞ്ഞ് അച്ഛന്റെ
വീട്ടിൽ പോയി. അവിടെ
നിന്ന് രാത്രി തിരിച്ചു
വന്നു.



ഹിഷാം ഷാ

2 B



ഇന്ന് ശനി .രാവിലെ
ഉണർന്നു.പതിവുപോലെ
മദ്രസയിൽ പോയി. തിരിച്ചു
വന്നു .ചായ കുടിച്ചു. കളിക്കാൻ
പോയി. കുറേ സമയം കളിച്ചു.





ഞാൻ ഇന്ന് രാവിലെ 6.30-ന്
എഴുന്നേറ്റു .പല്ല് തേച്ച് പ്രഭാത
ഭക്ഷണം കഴിച്ച് കഴിഞ്ഞ് ഡ്രസ്സ്
മാറ്റി. ഇന്ന് ബുധനാഴ്ച്ച
ആയതു കൊണ്ട് കളർ ഡ്രസ്സ്
ആയിരുന്നു. വണ്ടി വന്ന്
സ്കൂളിലെത്തി
.പഠിച്ചു കൂട്ടുകാരോടൊപ്പം
കളിച്ചു തിരിച്ച് വീട്ടിലെത്തി
ചായ കുടിച്ചു കുളിച്ചു
സന്ധ്യയ്ക്ക് വിളക്ക് വെച്ച്
പ്രാർത്ഥിച്ചു.



Sachith Gopal
2 B



ഇന്ന് എനിക്ക് വളരെ
സന്തോഷമുള്ള ദിവസമായിരുന്നു.
അമ്മയോടൊപ്പം വയനാട്ടിൽ
യാത്ര പോയി. വൈത്തിരി
പാർക്കിൽ ചേട്ടന്മാരുടേയും
ചേച്ചിമാരുടേയും ഒപ്പം കുറേ നേരം
കളിച്ചു. രാത്രി 11 മണിക്ക്
തിരിച്ചെത്തി.



നിലൻ കെ
ബിനു
2 B



ഞാൻ ഇന്ന് രാവിലെ 6 മണിക്ക് എഴുന്നേറ്റു. പനി മാറാത്തതിനാൽ സ്കൂളിൽ പോകാൻ കഴിഞ്ഞില്ല. ഇന്ന് ഞാനും അച്ഛനും കൂടി അമ്പലത്തിൽ ഉത്സവം കാണാൻ പോയി. അച്ഛൻ എനിക്ക് കാർ വാങ്ങി തന്നു. ഉത്സവം കണ്ട് തിരിച്ചു വരുമ്പോൾ ഞാൻ കനാലിൽ കാല കഴുകാൻ



ഞാൻ ഇന്ന് വൈകീട്ട് അച്ഛന്റെ
കൂടെ പേരാമ്പ്ര അമ്പലത്തിൽ
ഉത്സവത്തിന് പോയി

റിദേവ് എൻ രാജ്
2. B





കദീജ ഹിഷാം
2 B



രാവിലെ എഴുന്നേറ്റു.സ്കൂളിൽ
പോയി. ടീച്ചർ "കൊതിയൂറും രുചി"
എന്ന പാഠം പഠിപ്പിച്ചു. ഞാൻ
വീട്ടിൽ പോയി സ്കൂളിലെ
വിശേഷങ്ങൾ ഉമ്മയോട് പറഞ്ഞു.
എന്നിട്ട് പഠിക്കാൻ പോയി. കളിച്ചു.




Arshay
2 B



ഇന്ന് ഞാൻ രാവിലെ എഴുന്നേറ്റു സ്കൂളിൽ
കായിക മേളയായതിനാൽ
ക്ലാസുണ്ടായിരുന്നില്ല. ഞാൻ കായിക
മേളയിൽ പങ്കെടുക്കുന്നതിനാൽ
നേരത്തെ എത്തേണ്ടത് കൊണ്ട് അച്ഛനും
അമ്മയുമാണ് സ്കൂളിൽ കൊണ്ടുവിട്ടത്.
കായികമേളയിൽ ചാട്ടത്തിന് നാലാം
സ്ഥാനവും റിലേയിൽ മൂന്നാം സ്ഥാനവും
കിട്ടി. പഞ്ചായത്ത് കായിക മേളയിൽ
ഞങ്ങളുടെ സ്കൂളിന് ഒന്നാം സ്ഥാനം കിട്ടി



# അമൻ സയൂൻ
2 B



[illegible]



ഇന്ന് സ്കൂൾ ഇല്ലാത്തത് കൊണ്ട് 7 30 ന്
ആണ് എഴുന്നേറ്റത്. അമ്മ അമ്പലത്തിൽ
പോകാൻ റെഡിയായി നിൽക്കുന്നത് കണ്ട്
ഞാൻ വേഗം തന്നെ പല്ലുതേച്ച് കുളിച്ച്
അമ്പലത്തിൽ പോയി.കൂട്ടുകാരൊക്കെ
കളിക്കാൻ വരുമെന്ന് ഇന്നലെ പറഞ്ഞിരുന്നു.
ഞങ്ങൾ എല്ലാവരോടും വട്ടത്തിൽ ഇരിക്കാൻ
അമ്മ പറഞ്ഞു. വളപ്പൊട്ടു കൊണ്ടുള്ള ഒരു
പ്രത്യേക കളി അമ്മ പറഞ്ഞു തന്നു .നല്ല
രസമുണ്ടായിരുന്നു ആ കളി.



Alankritha
2 B



Dhyan Binil

2 B



[illegible]

[illegible]



ഫദ മറാമിയ

2 B



ഇന്ന് രാവിലെ 9 മണിക്ക് ഉണർന്നു.പല്ലുതേച്ച്
ഞാൻ ഭക്ഷണം കഴിച്ചു.പത്രം വായിച്ചു.
ഹോംവർക്ക് ചെയ്തു. ഉമ്മച്ചിയോടൊപ്പം പച്ചക്കറി
നനയ്ക്കാൻ പോയി.അതിനു ശേഷം ഞാൻ
ഇളയമ്മയുടെ വീട്ടിൽ പോയി. അവിടെ കുറെ
കൂട്ടുകാരുണ്ടായിരുന്നു. ഉപ്പാപ്പ കടയിൽ നിന്ന്
മിഠായി വാങ്ങിത്തന്നു.